# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# യേശു ഇളകിമറിഞ്ഞ കടലിനെ ശാന്തമാക്കുന്നു




എഴുതിയത്: Edward Hughes

ഉദാഹരണം : Janie Forest

അംഗികരിച്ചത്: Rev. Benny

തർജ്ജിമ ചെയുതത്: Ruth Klassen


കഥ 48-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.

ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam



ഒരു വലിയ കൊടുങ്കാറ്റ് ഉണ്ടായപ്പോൾ യേശുവും ശിഷ്യന്മാരും ഒരു പടകിൽ ആയിരുന്നു. ഗലീലക്കടലിനെ ഇളക്കിമറിച്ച ഇത്തരം കൊടുങ്കാറ്റിനാൽ കപ്പൽച്ഛേതം വരെ സംഭവിക്കാം.

1

കൊടുങ്കാറ്റിനാൽ ശിഷ്യന്മാർ ഭയചകിതരായി. വലിയ ഓളം ഉണ്ടായി തിരമാലകൾ പടകിനെ മുങ്ങുമാറാക്കി. എന്നാൽ യേശു ഒരു തലയിണവെച്ച് സുഖമായി ഉറങ്ങുകയായിരുന്നു.



2

കൊടുങ്കാറ്റടിക്കുമ്പോൾ ഉറക്കം. ശിഷ്യന്മാർ യേശുവിനെ ഉണർത്തി, എന്നിട്ട് നിലവിളിച്ചു, ‘‘യജമാനനേ, യജമാനനേ, ഞങ്ങൾ നശിച്ചുപോകുന്നു!’’



3

‘‘നിങ്ങൾ ഭീരുക്കൾ ആകുന്നതെന്ത് അല്പവിശ്വാസികളേ?’’ എന്ന് യേശു ശിഷ്യന്മാരോട് ചോദിച്ചു. പിന്നെ അവൻ ‘‘കാറ്റേ അടങ്ങുക’’ എന്നും ‘‘കടലേ ശാന്തമാവുക’’ എന്നും കല്പിച്ചു.



4

കാറ്റ് അടങ്ങി, കടൽ ശാന്തമായി. ശിഷ്യന്മാർ അതിശയിച്ചു, ‘‘ഇവൻ എങ്ങനെയുള്ളവൻ? കാറ്റും കടലും കൂടെ അവനെ അനുസരിക്കുന്നുവല്ലോ’’ എന്നു പറഞ്ഞു.



5

ചിലദിവസം കഴിഞ്ഞപ്പോൾ, യേശുവിനു വളരെ തിരക്കുള്ള ഒരു ദിവസമായിരുന്നു അത്. ഒരു മരുപ്രദേശത്ത് അയ്യായിരത്തിൽ അധികം ആളുകൾ അവനോടൊപ്പം ഉണ്ടായിരുന്നു.



6

ഒരു കൊച്ചു ബാലന്റെ പക്കലുണ്ടായിരുന്ന ഭക്ഷണം കൊണ്ടു യേശു ദൈവശക്തിയാൽ ആ വലിയ ജനസമൂഹത്തെ മുഴുവനും ഭക്ഷണം കഴിപ്പിച്ചു തൃപ്തരാക്കി. സന്ധ്യയായി യേശു എല്ലാവരേയും പറഞ്ഞയച്ചു.



7

ശിഷ്യന്മാർക്കും പോകണമായിരുന്നു. ഗലീലക്കടലിന്റെ മറുവശത്ത് യേശുവിനുമുമ്പേ എത്തേണ്ടതിന് യേശു ശിഷ്യന്മാരെ ഒരു പടകിൽ കയറ്റി അയച്ചു.



8



അങ്ങനെ
സകലരേയും
പറഞ്ഞയച്ചശേഷം
യേശു തനിച്ച്
പ്രാർത്ഥിക്കേണ്ടതിന്
ഒരു മലമുകളിലേക്ക്
കയറിപ്പോയി. പിന്നെ
വൈകുന്നേരമായപ്പോ
ൾ യേശു തനിച്ചായി.

9



തടാകത്തിൽ ശിഷ്യന്മാർ
പോയിക്കൊണ്ടിരുന്നപ്പോൾ
കൊടുങ്കാറ്റടിച്ചു.
മറുകരയെത്തുവാൻ
കഴിയാതെവണ്ണം
അവർ കാറ്റുമൂലം
പ്രയാസപ്പെട്ടു.

10



മണിക്കൂറുകളോളം
അവർ ശ്രമിച്ചിട്ടും
സാധ്യമായില്ലത്രേ.

11



ശിഷ്യന്മാർ
അറിഞ്ഞിരുന്നില്ല, അവർ
ആശ്ചര്യകരമായ ഒരു
സംഭവം കാണാൻ
പോവുകയാണെന്ന്.

12



അതിരാവിലെ
ഏകദേശം മൂന്ന്
മണിമുതൽ
ആറുമണിവരെയുള്ള
സമയത്തിനിടെ,
കാറ്റിനാൽ ഉലയുന്ന
കടലിൽ
ഭയജനകമായ
എന്തോ ഒന്ന്
ശിഷ്യന്മാർ കണ്ടു.

13



“ഇതൊരു
ഭൂതമാണ്,”
അവർ അലറി.
എന്നാൽ അത്
യേശുവായിരുന്നു.
അവരുടെ
കർത്താവും
യജമാനനുമായ
യേശു അവരുടെ
അടുത്തേക്ക്
വരികയായിരുന്നു,
വെള്ളത്തിന്മീതെ
നടന്ന്.

14

‘‘ഭയപ്പെടേണ്ട ഇത് ഞാനാണ്, ധൈര്യമായിരിക്ക’’ യേശു അരുളിച്ചെയ്തു. ‘‘കർത്താവേ, ഇതു നീ ആകുന്നുവെങ്കിൽ, വെള്ളത്തിന്മീതെ ഞാനും നടക്കേണ്ടതിന് കല്പിക്ക’’ എന്നു പത്രൊസ് അപേക്ഷിച്ചു. ‘‘വരിക’’ യേശു ഉത്തരം പറഞ്ഞു. പത്രൊസ് ധൈര്യം സംഭരിച്ച് പടകിൽനിന്ന് ഇറങ്ങി വെള്ളത്തിൻ മീതെ യേശുവിന്റെ അടുത്തേക്ക് നടന്നു.



15



പക്ഷേ കാറ്റ് കണ്ടപ്പോൾ പത്രൊസ് ഭയപ്പെടുകയും മുങ്ങുവാൻ തുടങ്ങുകയും ചെയ്തു. അവൻ നിലവിളിച്ചു ‘‘കർത്താവേ എന്നെ രക്ഷിക്കേണമേ.’’

16



പെട്ടെന്ന് കർത്താവ് കരം നീട്ടി പത്രൊസിനെ പിടിച്ചു. ‘‘അല്പവിശ്വാസിയെ നീ എന്തിന് ഭയപ്പെട്ടു’’ എന്ന് യേശു ചോദിച്ചു. യേശുവും പത്രൊസും പടകിൽ കയറിയപ്പോൾ കാറ്റ് ശാന്തമായി.

17



പടകിൽ ഉണ്ടായിരുന്നവർ യേശുവിനെ ആരാധിച്ചുകൊണ്ട് ‘‘നീ സത്യമായും ദൈവപുത്രൻ തന്നെ’’ എന്നു പറഞ്ഞു.

18

യേശു ഇളകിമറിഞ്ഞ കടലിനെ ശാന്തമാക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

മത്തായി 8, മത്തായി 14, മർക്കൊസ്
4, ലൂക്കൊസ് 8

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു.
പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ
പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിനു ഈ
ലോകത്തിലേക്ക് വന്നു യേശു മരിച്ച് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക്
പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങളുിൽ നിന്ന്  വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട്
ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു
ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ
ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം
നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ
സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക.